മിസ്റ്റർ പി. വി. റാഫേൽ: എന്താണു ചെയ്യേണ്ടതു്, കൊടുത്തുപോയില്ലേ?

മിസ്റ്റർ പി. കെ. കൃഷ്ണൻ: ഈ രണ്ടു സ്ഥാനങ്ങളും പുലയക്കു കിട്ടേണ്ടതല്ലേ?

മിസ്റ്റർ പി. വി. റാഫേൽ: അതു കൊടുത്തുകഴിഞ്ഞില്ലേ?

മിസ്റ്റർ എ. വി. മൂത്തേടൻ: പറയക്കു് എത്രശതമാനമുണ്ടു്?

മിസ്റ്റർ പി. വി. റാഫേൽ: അവർ ഡിപ്രസ്ഡ്ക്ലാസ്സിൽപ്പെട്ടവരാണു്.

Mr. President: Pulayas form a separate classification. Parayas come under "Backward or Depressed" like the Padannas.

KANJIRAMITTAM AND ARAKKUNNAM L. S. SCHOOLS—REFUSAL OF ADMISSION TO DEPRESSED CLASSES PUPILS

242. മിസ്റ്റർ പി. കെ. കൃഷ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവൺമെണ്ടു ദയവു മറുപടി പറയുമോ.—

(എ) കാഞ്ഞിരമിറ്റം, ആരക്കുന്നം എന്നിവിടങ്ങളിലെ ലോവർ സെക്കണ്ടറി സ്കൂളുകളിൽ ചേർന്നു പഠിക്കുവാൻ ചെന്നിരുന്ന അധഃകൃതവിദ്യാർത്ഥികളിൽ ആക്കൊക്കിലും സ്കൂൾ അധികൃതന്മാർ പ്രവേശനം (admission) നിഷേധിക്കുകയുണ്ടായിട്ടുള്ളതായി ബഹുമാനപ്പെട്ട ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനെ സംബന്ധിച്ചു് എന്തു നടപടികളാണു ബഹുമാനപ്പെട്ട ഗവൺമെണ്ടു് എടുത്തിട്ടുള്ളതു് എന്നു ദയവു അറിയിക്കുമോ;

(സി) പ്രവേശനം അനുവദിക്കാതിരുന്നിട്ടുണ്ടെങ്കിൽ കാരണം എന്തു്?

റാവു സാഹിബ് ഐ. എൻ. മേനോൻ:

(എ) ഇല്ല. കാഞ്ഞിരമിറ്റം, ആരക്കുന്നം എന്നീ ലോവർ സെക്കണ്ടറി സ്കൂളുകളിൽ ഇക്കൊല്ലം അധഃകൃതവിദ്യാർത്ഥികൾക്കു പ്രവേശനം (admission) നിഷേധിക്കുകയുണ്ടായിട്ടില്ല.

(ബി) & (സി) ഉത്തരം ആവശ്യമില്ല.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഇക്കൊല്ലത്തിനുമുമ്പു് അനുവദിച്ചിട്ടുണ്ടോ?

റാവുസാഹിബ് ഐ. എൻ. മേനോൻ: ഒരുകൊല്ലം കഴിഞ്ഞാൽ ഇതിനെപ്പറ്റിയുള്ള റിക്കാർഡുകളൊക്കെ നശിപ്പിച്ചുകളയും, അതുകൊണ്ടു പറയാൻ നിവൃത്തിയില്ല.

MAHARAJA'S COLLEGE—FEE CONCESSIONS TO DEPRESSED CLASS PUPILS—SCOPE OF

243. മിസ്റ്റർ പി. കെ. കൃഷ്ണൻ: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ഗവൺമെണ്ടു ദയവായി മറുപടി പറയുമോ.—

എറണാകുളം മഹാരാജാസ് കോളേജിൽ ഉപരിപഠനാർത്ഥം അധഃകൃതവിദ്യാർത്ഥിനീവിദ്യാർത്ഥികൾക്കു് അഡ്മിഷൻ ഫീസ്സു

LIBRARY ARCHIVES Kerala Legislative Assembly